സർവ്വീസ് കുണ്ടറ പോലീസ് സ്റ്റേഷനുമുന്നിലേക്ക് മാറ്റുകയുണ്ടായിട്ടുണ്ട്. ഈ മാറ്റങ്ങളല്ലാതെ വേറെ ഒരു സ്റ്റേ സർവ്വീസും നിർത്തലാക്കിയിട്ടില്ല.

(ഡി) ലഭിച്ചിട്ടുണ്ട്.

(ഇ) ജീവനക്കാരെ മർദ്ദിച്ചത് സംബന്ധിച്ച പോലീസ് നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളിമൺ സ്റ്റേ സർവ്വീസ് പുനരാരംഭിക്കുന്നതാണ്.

കൊട്ടാരക്കര-കൊല്ലം ഭാഗത്തേക്ക് ലോ ഫ്ളോർ സർവ്വീസുകൾ നടത്തുന്നതിന് നടപടി

113 (2212) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘദൂര ലോ ഫ്ളോർ ബസ് സർവ്വീസുകളുടെ പ്രവർത്തനം വിജയകരമാണോ ;

(ബി) ദീർഘദൂര സർവ്വീസുകളിൽ യാത്രാ നിരക്ക് കൂടുതലാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കൊട്ടാരക്കര, കൊല്ലം ഭാഗത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ജനറം പദ്ധതിയിൽ ലോഫ്ളോർ ദീർഘദൂര സർവ്വീസുകൾ ഇല്ല. സിറ്റി പരിധിക്കു പുറത്തേക്ക് ദീർഘിപ്പിച്ച സർവ്വീസുകൾ വിജയകരമാണ്.

(ബി) യാത്രാനിരക്ക് കൂടുതലാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തേക്ക് സർവ്വീസ് നടത്താൻ ജനറം ബസുകൾക്ക് അനുവാദം ഇല്ലാത്തതിനാൽ കൊല്ലം കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് തൽക്കാലം സാധ്യമല്ല.

പൊന്നാനി- ചാവക്കാട് നെടുമ്പാശ്ശേരി ബസ് സർവ്വീസ്

114 (2213) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനിയിൽ നിന്നും ചാവക്കാട്, ഏനാമാവ്, കാഞ്ഞാണിവഴി നെടുമ്പാശ്ശേരിയിലേക്ക് ബസ് സർവ്വീസ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly